**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1154** **18-01-2021 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ പാലങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ . ബാബു | | **Shri G. Sudhakaran**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ പാലങ്ങൾ നവീകരിക്കുന്നതിനും പുതുക്കി പണിയുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുകയാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുണ്ടാരചോല പാലം പുനർ നിർമ്മാണത്തിനായി 1.50 കോടി രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തരൂർ, നെന്മാറ മണ്ഡലങ്ങളിലായി 25 ലക്ഷം രൂപ പാലങ്ങളുടെ അറ്റകുറ്റപ്പണികൾ-ക്കായി അനുവദിച്ചു. പ്രവൃത്തി പുരോഗമിച്ചു വരുന്നു. നബാർഡ് ആർ.ഐ.ഡി.എഫ് XXVI സ്കീമിൽ ഉൾപ്പെടുത്തി കണ്ണനിക്കടവ് പാലത്തിന് 477.09 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു ആയത് പൂർത്തിയായാൽ മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയുകയുള്ളൂ. ഗോവിന്ദാപുരം പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | ഏതെല്ലാം പാലങ്ങൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും, ആയതിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുണ്ടാരചോല പാലം പുനർ നിർമ്മാണത്തിനായി 1.50 കോടി രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തരൂർ, നെന്മാറ മണ്ഡലങ്ങളിലായി 25 ലക്ഷം രൂപ പാലങ്ങളുടെ അറ്റകുറ്റപ്പണികൾ-ക്കായി അനുവദിച്ചു. പ്രവൃത്തി പുരോഗമിച്ചു വരുന്നു. നബാർഡ് ആർ.ഐ.ഡി.എഫ് XXVI സ്കീമിൽ ഉൾപ്പെടുത്തി കണ്ണനിക്കടവ് പാലത്തിന് 477.09 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു ആയത് പൂർത്തിയായാൽ മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയുകയുള്ളൂ. ഗോവിന്ദാപുരം പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 25 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ